# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2722 27.01.2014 - ൽ മറുപടിക്ക്

**അരുവിക്കരയിലെ കുപ്പിവെള്ള ബോട്ട്ലിംഗ് പ്ലാന്റ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാർ അരുവിക്കരയിൽ സ്ഥാപിക്കുവാൻ തീരുമാനിച്ച കുപ്പിവെള്ള ബോട്ട്ലിംഗ് പ്ലാന്റിന്റെ നിലവിലെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ? | (എ) കേരള വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ കുപ്പിവെള്ള യൂണിറ്റ് തുടങ്ങുന്നതിന്റെ പ്രാരംഭ നടപടിയായി അരുവിക്കരയിൽ ഒരു മണിക്കൂറിൽ 7500 ലിറ്റർ കുപ്പിവെള്ളം നിർമ്മിക്കാൻ ശേഷിയുള്ള ഒരു നിർമ്മാണശാല തുടങ്ങുന്നതിന് 2008-ൽ ഭരണാനുമതി നൽകുകയുണ്ടായി. ഇതിന് വേണ്ടി 5 തവണ ടെണ്ടർ വിളിച്ചെങ്കിലും പല കാരണങ്ങളാൽ ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. അതോറിറ്റിയുടെ തീരുമാനപ്രകാരം നിലവിലുള്ള സാങ്കേതിക പുരോഗതി കൂടെ കണക്കിലെടുത്ത്, പുതുക്കിയ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം പുതിയ ടെണ്ടർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, പബ്ലിക് ഹെൽത്ത് സർക്കിൾ, തിരുവനന്തപുരം, ടെണ്ടർ നോട്ടീസ് 10.02.2014-ൽ തുറക്കുന്ന വിധം, നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ